ജൂലൈ 27 – ഓഗസ്റ്റ് 2

## പാഠം 5

# പ്രവാചകന്മാർ വിളിച്ചു പറയുന്നത്

**വായിക്കുക:** 1 ശമൂവേൽ 8:10–18; ആമോസ് 5:10–15; മീഖാ 6:8; ഉല്പത്തി 19:1–13; യെഹെ. 16:49; യെശയ്യാവ് 1:15–23.

**മനഃപാഠവാക്യം:** “മനുഷ്യാ, നല്ലതു എന്തെന്നു ദൈവം നിനക്കു കാണിച്ചു തന്നിരിക്കുന്നു; ന്യായം പ്രവർത്തിപ്പാനും, ദയാതല്പരൻ ആയിരിക്കുവാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?”(മീഖാ. 6:8).

ബൈബിളിലെ ഏറ്റവും താല്പര്യം തോന്നിപ്പിക്കുന്ന കഥാപാത്രങ്ങളിൽ ഉൾപ്പെട്ടവരാണു പഴയനിയമപ്രവാചകന്മാർ. അവരുടെ ഉറച്ച ശബ്ദവും, ധീരമായ ദൂതുകളും, അവരുടെ ദുഃഖം, കോപം, ക്രോധം എന്നീ വികാരങ്ങളും, ദൂതുകൾക്കൊപ്പം പലപ്പോഴും ഉണ്ടാകുന്ന നടപടികളും അവരെ അവഗണിക്കാൻ ആകാത്തവരാക്കി; അങ്ങനെ അവരുടെ സാന്നിധ്യം പലപ്പോഴും സുഖകരം ആയിരുന്നില്ല എങ്കിൽപോലും.

പ്രാഥമികമായി യിസ്രായേലിനും യെഹൂദയ്ക്കുമായി അയയ്ക്കപ്പെട്ട അവർ, തിരഞ്ഞെടുക്കപ്പെട്ട ദൈവജനത്തെ തങ്ങളുടെ വിളിയിലേക്കു മടക്കി വിളിച്ചുകൊണ്ടിരുന്നു. ജനങ്ങളും അവരുടെ നായകന്മാരും ചുറ്റുപാടും ഉണ്ടായിരുന്ന വിഗ്രഹങ്ങളാലും ജീവിതരീതികളാലും വളരെ എളുപ്പത്തിൽ തൂത്തുവാരപ്പെട്ടു. ചിലപ്പോൾ ദൈവസ്നേഹവും അവർക്കായുള്ള ദൈവത്തിന്റെ മുൻകാല പ്രവൃത്തികളും ഓർപ്പിച്ചുകൊണ്ടും, തുടർന്നും ദൈവത്തെ വിട്ടു അകന്നു പൊയ്ക്കൊണ്ടിരുന്നാലുള്ള തിക്തഫലങ്ങളെ മുന്നറിയിച്ചുകൊണ്ടും, അനുതപിച്ചു മടങ്ങിവരുവാൻ ഓർമ്മപ്പെടുത്തുന്നതു പ്രവാചകന്മാരുടെ തൃപ്തികരമല്ലാത്ത പ്രയത്നം ആയിരുന്നു.

നമ്മൾ കാണാൻ പോകുന്നതുപോലെ, അവർ നായകന്മാർക്കും ജനങ്ങൾക്കും എതിരേ മുന്നറിയിപ്പു നൽകിയ പാപങ്ങളുടെയും തിന്മകളുടെയും കൂട്ടത്തിൽ ഏറ്റവും വലിയ ഒന്നായിരുന്നു അവരുടെ ഇടയിലെ സാധുക്കളെയും ദരിദ്രരെയും നിസ്സഹായരെയും പീഡിപ്പിച്ചത്. അതേ, വിഗ്രഹാരാധന നല്ലതായിരുന്നില്ല; വ്യാജമതാചാരങ്ങൾ നല്ലതായിരുന്നില്ല; ദുർബ്ബലരെയും ദരിദ്രരെയും മുതലെടുക്കുന്നതും ഒപ്പത്തിനൊപ്പം നാശയോഗ്യം ആയിരുന്നു.

# നീതിക്കായുള്ള നിരന്തര വിളി

ദൈവത്തിന്റെ വ്യക്തമായി വിശദീകരിക്കപ്പെട്ട പദ്ധതി യിസ്രായേൽ രാജ്യത്തിനായി നൽകപ്പെട്ടിരുന്നിട്ടും, യിസ്രായേൽജനം അവരുടെ വിളിക്കൊത്തു ജീവിച്ചില്ല. ദേശത്തു അവർ സ്ഥിരപ്പെട്ടു അധിക തലമുറകൾ കഴിയും മുമ്പാണു, അവരുടെ ദേശത്തെ നയിക്കുവാൻ "മറ്റു ദേശങ്ങൾക്കെല്ലാം ഉള്ളതുപോലെ" (1 ശമൂ. 8:5). ഒരു രാജാവിനെ നിയമിക്കണമെന്നു, പ്രവാചകനും ന്യായാധിപനും ആയിരുന്ന ശമൂവേലിനോടു അവർ ആവശ്യപ്പെട്ടത്;

**1 ശമൂവേൽ 8:10–18 വായിക്കുക. ഒരു രാജാവിനായുള്ള ജനങ്ങളുടെ അപേക്ഷയ്ക്കു ശമൂവേലിന്റെ മുന്നറിയപ്പു എന്തായിരുന്നു?**

മറ്റുവിധങ്ങളിലും അന്യദേശങ്ങളെപ്പോലെ ആയിത്തീരുന്നതിനുള്ള ഒരു പടിയായി ശമൂവേൽ അതിനെ തിരിച്ചറിഞ്ഞിരുന്നു. ആദ്യരാജാവായ ശൗലിനെ ശമൂവേൽ ഉപദേശിച്ചുകൊണ്ടിരിക്കെ അധികാലങ്ങൾക്കു മുമ്പല്ല അവന്റെ പ്രവചനം യഥാർത്ഥമായത്. യിസ്രായേൽ രാജ്യത്തിന്റെ അത്യുന്നതിയിൽ തന്നെ, ദാവീദിനും ശലോമോനു പോലും, പ്രലോഭനങ്ങളെയും അഴിമതിയെയും അധികാര പ്രവണതയെയും ജയിക്കാൻ കഴിഞ്ഞില്ല.

യിസ്രായേലിലെയും യെഹൂദയിലെയും രാജാക്കന്മാരുടെ ഭരണകാലത്തൊക്കെ, പ്രവാചകന്മാരെ അയച്ചു ദൈവയിഷ്ടം അറിയിക്കുകയും, സമൂഹത്തിലെ മറക്കപ്പെട്ട ജനങ്ങളോടുള്ള അവരുടെ ദൈവദത്തമായ ചുമതല യിസ്രായേൽ നായകന്മാരെയും ജനങ്ങളെയും ഓർമ്മിപ്പിക്കുക എന്നതും ദൈവത്തിന്റെ പ്രതികരണങ്ങളിൽ ഒന്നായിരുന്നു.

എബ്രായ പ്രവാചകന്മാരുടെ എഴുത്തുകളിൽ, നീതിയായി ജീവിക്കുകയും സമൂഹത്തിൽ ന്യായം പ്രവർത്തിക്കുകയും ചെയ്യുന്നതിനു തുടരെയും ആവർത്തിച്ചുമുള്ള ഒരു ആഹ്വാനം നാം കാണുന്നു. യിസ്രായേലിന്റെയും അവരുടെ നായകന്മാരുടെയും അവിശ്വസ്തതയെ നേരിടുന്നതിൽ പ്രവാചകന്മാർ പതിവായും അത്യാവശ്യമായും ശബ്ദം ഇല്ലാത്തവരുടെ ശബ്ദം ആയിത്തീർന്നു, പ്രത്യേകിച്ചു ദൈവയിഷ്ടം നിവർത്തിക്കുവാൻ പരാജയപ്പെട്ടവരാൽ വേദനിക്കപ്പെട്ടവർക്ക്.

പഴയനിയമപ്രവാചകന്മാരുടെ വികാരങ്ങളെ പ്രതിഫലിപ്പിച്ചുകൊണ്ടു അബ്രാഹാം യോശുവ ഹെസ്കേൽ, നീതിക്കായുള്ള അവരുടെ തിടുക്കത്തോടുകൂടി വിളിയും, നമ്മുടെ ആത്മസംതൃപ്തിയും തമ്മിലുള്ള വ്യത്യാസം കാണിച്ചുതരുന്നു: "പ്രവാചകന്മാരെ പരിഭ്രാന്തരാക്കിയ വസ്തുതകൾ ഇന്നും ലോകത്ത് ദൈനംദിന സംഭവങ്ങളാണ്... അനീതിയോടുള്ള അവരുടെ ശ്വാസം

നിലച്ചുപോകുന്ന അസഹിഷ്ണുത അപസ്മാരംപോലെ ആഞ്ഞടിക്കും. അന്യായ പ്രവൃത്തികളും, കാപട്യത്തിന്റെ പ്രകടനങ്ങളും, വ്യാജം, കടന്നുകയറ്റം, ദുരിതങ്ങൾ, എന്നിവയും നാം നിരന്തരം കാണുന്നു; എന്നാൽ നാം അപൂർവ്വമായി മാത്രമേ അമർഷം കാണിക്കുകയോ അമിതമായി അതിശയിക്കുകയോ ചെയ്യുന്നുള്ളൂ. പ്രവാചകന്മാർക്കു ആകട്ടെ ഒരു നിസ്സാരമായ അനീതിപോലും വളരെ വലുതായിരുന്നു."

ദൈവത്തിന്റെ ഹൃദയത്തിലേക്കും മനസ്സിലേക്കുമുള്ള ഒരു ഉൾക്കാഴ്ചയാണു പ്രവാചകന്മാർ നമുക്കു നൽകുന്നത്. ദൈവത്തിനുവേണ്ടി സംസാരിച്ചുകൊണ്ടു, ദൈവത്തിന്റെ നിറഞ്ഞ കണ്ണുകളിലൂടെ നമ്മുടെ ലോകത്തിന്റെ അനീതിയും കഷ്ടവും കാണുവാൻ അവർ നമ്മെ സഹായിക്കുന്നു. എന്നാൽ ഈ വേദന, ദൈവത്തോടുചേർന്നു, നമ്മുടെ ചുറ്റിലും ഉള്ളവരുടെ പീഡനവും ദുഃഖവും ലഘൂകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ട പ്രവൃത്തിക്കായുള്ള ഒരു ആഹ്വാനം കൂടിയാണ്.

**ചിലപ്പോഴൊക്കെ നമ്മളും "മറ്റെല്ലാ ദേശങ്ങളെയുംപോലെ" നമുക്കും മറ്റുള്ളവർക്കും ഉപദ്രവകരമായി മാറുന്നതു എങ്ങനെയാണ്?**

**തിങ്കൾ** **ജൂലൈ 29**

## ആമോസ്

"ഞാൻ പ്രവാചകനല്ല, പ്രവാചകശിഷ്യനുമല്ല, ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനും അത്രേ. ഞാൻ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവ എന്നെ പിടിച്ചു 'നീ ചെന്നു എന്റെ ജനമായ യിസ്രായേലിനോടു പ്രവചിക്ക' എന്നു കല്പിച്ചു" (ആമോ. 7:14,15).

ഒരു പ്രവാചകൻ ആയിരിക്കുവാൻ തനിക്കു യോഗ്യത ഇല്ലെന്നു ആമോസ് തുറന്നു സമ്മതിക്കുന്നു; എങ്കിലും അവൻ യിസ്രായേൽദേശത്തോടു തന്റെ ദൂതു അറിയിക്കുമ്പോൾ, അവനു പറയാനുള്ളതു പറയുമ്പോൾ, കേൾവിക്കാരെ അതിലേക്ക് ആകർഷിക്കുവാനുള്ള വ്യക്തമായ ഒരു കഴിവു പ്രകടിപ്പിക്കുന്നു.

സിറിയ, ഫെലിസ്ത്യ, ഏദോം, ഫൊയിനിക്യ, അമ്മോൻ, മോവാബ് മുതലായ അയൽരാജ്യങ്ങളുടെ പേരുകൾ പറഞ്ഞു പൊതുസമ്മതമായ ഒരു കുറിപ്പോടു കൂടിയാണു അവൻ ആരംഭിക്കുന്നത്. അവരുടെ അക്രമങ്ങളെയും ക്രൂരതയെയും ദുഷ്ടതയെയും വിശദീകരിച്ചു അവയ്ക്കു ദൈവം അവരെ ശിക്ഷിക്കുമെന്നു വ്യക്തമാക്കുന്നു (ആമോ. 1:3-2:3 വായിക്കുക). ഈ രാജ്യ

ങ്ങളുടെയൊക്കെ അതിക്രമങ്ങൾ യിസ്രായേലിനു നേരെ ഉണ്ടായിട്ടുള്ളതു കൊണ്ടു ഈ കുറ്റപത്രങ്ങളെ കയ്യടിച്ചു അവർ സ്വീകരിക്കുമെന്നു നമുക്കു ഊഹിക്കാൻ എളുപ്പമാണ്.

ആമോസ് പിന്നീട് ഭവനത്തോടു കുറച്ചുകൂടെ അടുത്തു വരുന്നു. വിഘടിച്ചു വേറിട്ടതും യിസ്രായേലിന്റെ തെക്കേ അയൽരാജ്യവുമായ യെഹൂദയ്ക്കുമേലുള്ള ദൈവത്തിന്റെ ന്യായവിധിയെ അടുത്തതായി അവൻ പ്രഖ്യാപിക്കുന്നു. ദൈവത്തിനുവേണ്ടി സംസാരിച്ചുകൊണ്ടു, അവർ ദൈവത്തെ ഉപേക്ഷിക്കുന്നതും, ദൈവത്തിന്റെ ആജ്ഞകളെ അനുസരിക്കാത്തതും, അവരുടെ വരാനിരുന്ന ശിക്ഷാവിധിയും ആമോസ് എടുത്തു കാണിക്കുന്നു (ആമോ. 2:4,5). അവരുടെ ചുറ്റിലുമുള്ളവരുടെ തെറ്റായ പ്രവൃത്തികളെ ചൂണ്ടിക്കാണിക്കുമ്പോൾ വീണ്ടും വടക്കൻ രാജ്യം കയ്യടിക്കുമെന്നു നമുക്കു ഊഹിക്കാം.

പിന്നീട് ആമോസ് തന്റെ കേൾവിക്കാരിലേക്കു തിരിയുന്നു. പുസ്തകത്തിന്റെ ബാക്കി ഭാഗം യിസ്രായേലിന്റെ തന്നെ ദോഷങ്ങളെയും വിഗ്രഹാരാധനയെയും അനീതിയെയും, ദൈവമുമ്പാകെ ആവർത്തിച്ചുള്ള പരാജയങ്ങളെയും കേന്ദ്രീകരിച്ചുള്ളതാണ്.

**ആമോസ് 3:9–11; 4:1,2; 5:10–15; 8:4–6 വായിക്കുക. ഏതു പാപങ്ങളെയാണു അവൻ മുന്നറിയിക്കുന്നത്?**

ആമോസ് തന്റെ ഭാഷയിൽ നയജ്ഞൻ അല്ലാത്തപ്പോഴും, അവന്റെ ദൂതുകൾ നാശത്തെ മുന്നറിയിക്കുന്നതാകുമ്പോഴും, അതു ദൈവത്തിങ്കലേക്കു മടങ്ങിവരുവാനുള്ള ആഹ്വാനങ്ങളെക്കൊണ്ടു പാകപ്പെടുത്തിയതാണ്. അവരുടെ നീതിബോധത്തിന്റെ ഒരു പുതുക്കവും അവരുടെ ഇടയിലുള്ള അഗതികളെക്കുറിച്ചു കരുതുന്നതും ഇതിൽ ഉൾപ്പെടുന്നു. "ന്യായം വെള്ളംപോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ" (ആമോ. 5:24). ആമോസിന്റെ പ്രവചനത്തിന്റെ ഒടുവിലത്തെ ചില വാക്യങ്ങൾ ദൈവജനത്തിനു ഭാവിയിലുള്ള ഒരു യഥാസ്ഥാപനത്തെ ചൂണ്ടിക്കാണിക്കുന്നു (ആമോ. 9:11–15). "അഗാധമായ പിന്മാറ്റത്തിന്റെയും അത്യന്തം അധികരിച്ച ആവശ്യത്തിന്റെയും നാഴികയിൽ, അവർക്കുവേണ്ടിയുള്ള ദൈവത്തിന്റെ ദൂതു പാപക്ഷമയുടെതും പ്രത്യാശയുടെതും ആയിരുന്നു" - Ellen G. White, Prophets and Kings, P. 283.

**തെറ്റുകളെ തിരുത്തുന്നതിനു പരുഷമായി സംസാരിക്കേണ്ടിവരുന്ന സന്ദർഭങ്ങൾ ഉണ്ടാകുമോ? എപ്പോഴാണു അങ്ങനെ സംസാരിക്കേണ്ടതെന്നു നാം എങ്ങനെ തിരിച്ചറിയും?**

# മീഖാ

**"മനുഷ്യാ നല്ലതു എന്തെന്നു ദൈവം നിനക്കു കാണിച്ചു തന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതല്പരൻ ആയിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്? (മീഖാ 6:8).**

ഈ വാക്കുകളിൻപ്രകാരം ജീവിപ്പാൻ, ഇപ്പോൾതന്നെ, നിങ്ങൾക്ക് എന്തെല്ലാം വഴികളാണുള്ളത്?

മീഖാ 6:8 ഒരു പക്ഷേ ബൈബിളിലെ ഏറ്റവും നന്നായി അറിയപ്പെടുന്ന വാക്യങ്ങളിൽ ഒന്നാണു. എന്നിരുന്നാലും, നമ്മൾ മുദ്രാവാക്യം അല്ലെങ്കിൽ ചുവർപരസ്യം ആക്കിത്തീർക്കുന്ന മറ്റു വാക്യങ്ങളെപോലെ, ഈ വാക്യത്തിന്റെ പശ്ചാത്തലം പക്ഷേ നമുക്കു വേണ്ടത്ര പരിചിതം ആയിരിക്കില്ല.

**മീഖാ 2:8–11; 3:8–12 വായിക്കുക. ജനങ്ങൾ ചെയ്ത എന്തു കാര്യങ്ങളെയാണു മീഖാ കുറ്റപ്പെടുത്തിയത്?**

ആഹാസിന്റെ യെഹൂദയിലെ ഭരണകാലത്ത് ആയിരുന്നു ദേശത്തിന്റെ ചരിത്രത്തിലും ആത്മീകതയിലും ദൈവജനം ഒരു പുതിയ താണ നിലവാരത്തിൽ എത്തിയതു. വിഗ്രഹാരാധനയും അതിന്റെ വിവിധങ്ങളായ ദുഷ്പരിചയങ്ങളും വർദ്ധിച്ചുകൊണ്ടിരുന്നു. അതേ സമയം, മറ്റു പ്രവാചകന്മാരും അതേ കാലത്തു കണ്ടതുപോലെ ദരിദ്രർ ചൂഷണം ചെയ്യപ്പെടുകയും പരാജയരാക്കപ്പെടുകയും ചെയ്തുകൊണ്ടേയിരുന്നു.

മീഖാ തന്റെ സമകാല പ്രവാചകന്മാരിൽ ഒട്ടും കുറഞ്ഞവനല്ല. അവന്റെ ആദ്യ മൂന്നു അദ്ധ്യായങ്ങളിൽ അധിക ഭാഗവും തന്റെ ജനം ചെയ്ത ദോഷങ്ങളിൽ ദൈവത്തിനുള്ള കോപവും ദുഃഖവും അവരുടെ വഴിയിൽ വന്നുകൊണ്ടിരുന്ന നാശവും വെളിപ്പെടുത്തുന്നതാണ്.

ദൈവം പക്ഷേ തന്റെ ജനത്തെ ഉപേക്ഷിച്ചില്ല. പ്രവാചകന്മാരുടെ ഉച്ചത്തിലുള്ള ശബ്ദവും പരുഷമായ ദൂതുകളും ദൈവത്തിനു തന്റെ ജനത്തിന്മേൽ തുടർന്നുമുള്ള താല്പര്യത്തിന്റെ സൂചന ആയിരുന്നു. തന്റെ സ്നേഹവും കരുതലും നിമിത്തമാണു ദൈവം മുന്നറിയിപ്പുകൾ നൽകിയതു. ക്ഷമിക്കുവാനും യഥാസ്ഥാനപ്പെടുത്തുവാനും ദൈവം കാത്തു നിന്നു. ദൈവം എന്നെന്നേക്കും കോപിക്കുകയില്ലായിരുന്നു (മീഖാ 7:18–20).

അങ്ങനെയുള്ള പശ്ചാത്തലമാണു പ്രശസ്തമായ ഈ സമവാക്യത്തിനുള്ളതു – ന്യായം പ്രവർത്തിക്കുക, ദയാ തല്പരനായിരിക്കുക, താഴ്മായി

നടക്കുക. വളരെ ലഘുവാണു ഇതെന്നു തോന്നാം. അങ്ങനെ ഒരു വിശ്വാസത്തിനൊത്തു പ്രായോഗികമായി ജീവിക്കുക എന്നതു പക്ഷേ ഏറെ വെല്ലുവിളി നിറഞ്ഞതാണു. ചുറ്റുപാടുമുള്ള സമൂഹത്തിൽ പടിക്കു പുറത്തായാൽ പ്രത്യേകിച്ചും അതു പ്രയാസമാണ്. മറ്റുള്ളവർ അന്യായംകൊണ്ടു ആദായം ഉണ്ടാക്കുമ്പോഴും, കരുണയെ പരിഹസിക്കുമ്പോഴും, അഹംഭാവത്തോടെ ഓടിച്ചു പോകുമ്പോഴും ന്യായം പ്രവർത്തിക്കുന്നതിനും, ദയാതല്പരനായിരിക്കുന്നതിനും, താഴ്മയോടെ നടക്കുന്നതിനും ധൈര്യവും കഠിനാദ്ധ്വാനവും ഏറെ വേണം. എന്നാലും നാം തനിച്ചല്ല ഇതു ചെയ്യുന്നതു, നാം നമ്മുടെ ദൈവത്തോടുകൂടെ നടക്കുകയാണ്.

**ന്യായം പ്രവർത്തിക്കുക, ദയാതല്പരനായിക്കുക, ദൈവമുമ്പാകെ താഴ്മയോടെ നടക്കുക എന്നിവ തമ്മിലുള്ള ബന്ധം എന്താണ്?**

**ബുധൻ** **ജൂലൈ 29**

## യെഹസ്കേൽ

“സോദോമിന്റെ പാപങ്ങളെക്കുറിച്ചു നമുക്കു ഒരുകൂട്ടം ക്രിസ്ത്യാനികളോടു ചോദിക്കേണ്ടിവന്നിരുന്നെങ്കിൽ, പലരും അതിന്റെ വിവിധങ്ങളായ ലൈംഗിക പാപങ്ങളെയും ധാർമ്മിക അധഃപതനത്തെയും സംബന്ധിച്ചുള്ള ഒരു വിവരണം തുടങ്ങുമായിരുന്നു. അന്തിമമായി പറഞ്ഞാൽ, രോഗം ബാധിച്ചും വളച്ചൊടിക്കപ്പെട്ടും നാശത്തിനു വിളഞ്ഞു പഴുത്ത ഒന്നായി ഉല്പത്തി 19:1–13 അതിനെ ചിത്രീകരിക്കുന്നു.

അതിനേക്കാൾ ഏറെ സങ്കീർണ്ണമാണു ഉത്തരം എന്നാൽപ്പോലും കാര്യം താല്പര്യകരമാണു. യെഹെസ്കേലിന്റെ വിവരണം കണക്കിലെടുക്കുക: “നിന്റെ സഹോദരിയായ സോദോമിന്റെ അകൃത്യമോ: ഗർവ്വവും തീൻ പുളെപ്പും നിർഭയ സ്വൈരവും അവൾക്കും അവളുടെ പുത്രിമാർക്കും ഉണ്ടായിരുന്നു; എളിയവനെയും ദരിദ്രനെയും അവൾ സഹായിച്ചതുമില്ല” (യെഹ. 16:49). നഗരത്തിൽ കണ്ട വഷളത്വത്തിന്റെ മറ്റു വിവിധ രൂപങ്ങളെ ദൈവം അവഗണിക്കില്ല എന്നു വ്യക്തമാണെങ്കിലും, സാമ്പത്തിക അനീതിയിലും ദരിദ്രരോടുള്ള കടുത്ത അവഗണനയിലുമാണു യെഹസ്കേലിന്റെ ശ്രദ്ധാകേന്ദ്രം ഇവിടെ.

ദൈവത്തിന്റെ ദൃഷ്ടിയിൽ ഇത്തരം സാമ്പത്തിക പാപങ്ങൾ ലൈംഗിക പാപങ്ങൾക്കൊപ്പം മോശമായി കാണപ്പെടുകയില്ലേ?

ആമോസ്, മീഖാ, യെശയ്യാവു എന്നിവരുടെ കാലം കഴിഞ്ഞു വന്ന യെഹസ്കേലിന്റെ പ്രവചനത്തിന്റെ ആദ്യഭാഗങ്ങൾ അതേ പ്രകാരം വരുവാനിരുന്ന നാശത്തിന്റെ മുന്നറിയിപ്പിൻ ശബ്ദമാണു മുഴക്കുന്നത്. എങ്ങനെ

ആയാലും, യെരൂശലേമിന്റെ ബാബിലോണിയയിലേക്കുള്ള വീഴ്ചക്കുശേഷം, ജനങ്ങൾ പ്രവാസികളായി കൊണ്ടുപോകപ്പെട്ടതിനെ തുടർന്നു, യഥാസ്ഥാപനത്തിനായുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളിലേക്കു യെഹസ്കേലിന്റെ ശ്രദ്ധ അധികം പൂർണ്ണമായി തിരിയുന്നു.

**യെഹെസ്കേൽ 34:2-4, 7-16 വായിക്കുക. ദൈവം വഷളായ യിസ്രായേൽ നായകന്മാരെ വിലയിരുത്തുന്നതിന് തന്റെ തന്നെ ഇടയപ്രവൃത്തിയുമായി താരതമ്യം ചെയ്യുന്നു. ഏറ്റവും ദുർബ്ബലം ആയതിനെ അവർ പരിചരിച്ചതും ദൈവത്തിന്റെ രീതിയും തമ്മിൽ വ്യത്യാസം എന്തൊക്കെയാണ്?**

*സോദോമിനോടു താരതമ്യം ചെയ്യുമ്പോൾ* അവർ തുല്യനിലയിൽ നിന്നു മോശം ആയിരുന്നപ്പോഴും, അവരെ അവരുടെ ദുഷ്ടതയിൽ നിന്നു പിന്തിരിപ്പിക്കുവാൻ കഴിയുമെന്ന പ്രത്യാശയിൽ ദൈവം ഇനിയും അവരെ സമീപിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദൈവത്തിന്റെ പുതുക്കപ്പെട്ട പദ്ധതി പ്രകാരം അവർ തങ്ങളുടെ ദേശത്തു മടങ്ങി വരികയും, യെരൂശലേം യഥാസ്ഥാനപ്പെടുകയും, മന്ദിരം പുതുക്കി പണിയപ്പെടുകയും ചെയ്യുമായിരുന്നു. ദൈവം നൽകിയ ഉത്സവങ്ങൾ ആഘോഷിക്കപ്പെടുകയും ദേശം അവകാശപ്രകാരം വീണ്ടും സമമായി വിഭാഗിക്കപ്പെടുകുയം ചെയ്യുമായിരുന്നു (യെഹ. 47:13-48:29). മോശയ്ക്കും ഈജിപ്തിൽനിന്നു മോചിതരായി വന്ന യിസ്രായേൽ ജനത്തിനും ആദ്യം നൽകിയതു പോലെ, പ്രവാസത്തിൽനിന്നു മടങ്ങിവരുന്ന ജനങ്ങളുമായി തന്റെ പദ്ധതിയെ പുനഃസ്ഥാപിക്കുവാൻ ദൈവം ആഗ്രഹിച്ചിരുന്നു എന്നതു വ്യക്തമായി കാണപ്പെടുന്നു. പുറമേ നിന്നുള്ളവർക്കു എന്നപോലെ, സമൂഹത്തിലെ ദുർബ്ബലരോടുള്ള കരുതലും അതിൽ ഉൾപ്പെട്ടിരുന്നു.

**ദൈവം രണ്ടാമതു ഒരവസരം കൂടി, തന്റെ ജനമായിരുന്നിട്ടും തെറ്റിപ്പോയവർക്കുപോലും നൽകുന്നു എന്നതു എത്രമാത്രം പ്രധാനം ആകുന്നു?**

**വ്യാഴം** **ഓഗസ്റ്റ് 1**

## യെശയ്യാവ്

യെശയ്യാവ് 1:15-23; 3:13-5; 5:7,8 വായിക്കുക. പ്രവാചകൻ തനിക്കു ചുറ്റുമുള്ള സമൂഹത്തിൽ നിരീക്ഷിച്ചകാര്യങ്ങളോടുള്ള അവന്റെ പ്രതികരണം എന്തായിരുന്നു?

യെശയ്യാവിന്റെ പ്രാരംഭ പ്രസംഗം - ആദ്യഅഞ്ചു അദ്ധ്യായങ്ങൾ - ദൈവജനം ആയിത്തീർന്ന സമൂഹത്തോടുള്ള രൂക്ഷമായ വിമർശനമാണു.

അവർ ദൈവത്തെ തിരസ്കരിച്ചും തെറ്റിൽ തുടർന്നും ജീവിക്കുന്നതിനോടുള്ള പ്രതികരണമെന്ന വിധം വരുവാനിരുന്ന ന്യായവിധിയും, അവർ ദൈവത്തിലേക്കു വീണ്ടും തിരിഞ്ഞു അവരുടെ ജീവിതവും സമൂഹവും നവീകരിക്കപ്പെടുകയും ചെയ്യുമെങ്കിൽ, ദൈവം നൽകുമായിരുന്ന പ്രത്യാശയുടെ വാഗ്ദാനങ്ങളുമാണു ആദ്യ പ്രസംഗത്തിന്റെ മറ്റു ഭാഗങ്ങൾ. എങ്കിലും അവന്റെ വാക്കുകളിലൂടെ വരുന്ന ഏറ്റവും ശക്തമായ വികാരം പക്ഷേ ദുഃഖത്തിന്റേതാണു. ദൈവം ആരാണെന്നും തന്റെ ജനത്തെക്കുറിച്ചു എന്താണു ആഗ്രഹിക്കുന്നതെന്നുമുള്ള തന്റെ അറിവിന്റെ അടിസ്ഥാനത്തിൽ, നഷ്ടമായിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ചു പ്രവാചകൻ കരയുകയാണു - മറക്കപ്പെട്ടു വേദനിച്ചുകൊണ്ടിരിക്കുന്ന എണ്ണമറ്റ ആളുകൾ പിന്നെ ദേശത്തിന്മേൽ വരുവാനുള്ള ന്യായവിധി.

യെശയ്യാവു തന്റെ ശുശ്രൂഷയിൽ ആകമാനവും ഈ രീതി തുടരുന്നു. ദൈവം എന്താണു അവർക്കു വേണ്ടി ചെയ്തതെന്നു ഓർക്കുവാൻ അവൻ ജനങ്ങളെ നിർബ്ബന്ധിക്കുന്നു. ദൈവം ഭാവിയിൽ അവർക്കുവേണ്ടി ചെയ്യുവാനിരിക്കുന്നതും അവൻ പറഞ്ഞുകൊടുക്കുന്നു. അങ്ങനെ അവരിപ്പോൾ ദൈവത്തെ അന്വേഷിക്കണമായിരുന്നു. ഈ പുതുക്കപ്പെട്ട ദൈവബന്ധം അവരുടെ ഇപ്പോഴത്തെ ദുഷ്പ്രവൃത്തികളെക്കുറിച്ചുള്ള അനുതാപവും മറ്റുള്ളവരോടുള്ള അവരുടെ പെരുമാറ്റത്തിലെ മാറ്റവും ഉൾപ്പെട്ടതാണു.

യെശയ്യാവ് 58, 59 അദ്ധ്യായങ്ങളിൽ യെശയ്യാവു പ്രത്യേകിച്ചും നീതിക്കായുള്ള തന്റെ ചിന്തയിലേക്കു മടങ്ങിവരുന്നു. അവൻ വീണ്ടും "ന്യായം പിന്മാറി, നീതി അകന്നു നിൽക്കുന്ന" (യെശ. 59:14). "സത്യം വഴിയിൽ ഇടറുന്ന, നേരിനു കടപ്പാൻ കഴിയാത്ത" ഒരു സമൂഹത്തെ വിവരിക്കുന്നു. ദൈവം ഇതെല്ലാം അറിയുന്നുണ്ടെന്നും അവൻ ഉറപ്പിച്ചു പറയുന്നു - "വീണ്ടെടുപ്പുകാരൻ വരും" (യെശ. 59:20).

യെശയ്യാവിന്റെ പുസ്തകത്തിൽ ആകമാനം പ്രവാചകന്റെ ശ്രദ്ധയുടെ ഒരു നല്ല ഭാഗം മശിഹയുടെ വരവിനെ വിളംബരം ചെയ്യാൻ നൽകപ്പെട്ടിരിക്കുന്നു; മശിഹ അന്തിമമായി ഭൂമിയിൽ ദൈവത്തിന്റെ ഭരണം പുനഃസ്ഥാപിക്കുകയും നീതി, കരുണ, രോഗസൗഖ്യം, യഥാസ്ഥാപനം എന്നിവ തന്നോടൊപ്പം കൊണ്ടുവരികയും ചെയ്യും.

**യെശയ്യാവ് 9:6,7; 11:1-5; 42:1-7; 53:4-6 വായിക്കുക. യേശുവിന്റെ ജീവിതം ശുശ്രൂഷ മരണം എന്നിവയെക്കുറിച്ചുള്ള നിങ്ങളുടെ അറിവിനോടു ഈ പ്രവചനങ്ങൾ എങ്ങനെ യോജിക്കുന്നു? യേശുവിന്റെ ഈ ഭൂമിയിലേക്കുള്ള വരവിന്റെ ഉദ്ദേശ്യം സംബന്ധിച്ചു ഈ പ്രവചനങ്ങൾ എന്തു നിർദ്ദേശിക്കുന്നു?**

## കൂടുതൽ പഠനം: വായിക്കുക. എലെൻ ജി. വൈറ്റ്,

Prophets and Kings, PP. 279-292, 303-310

"എടുത്തു പറയത്തക്ക പീഡനം, അപമാനകരമായ അനീതി, പതിവായ ആർഭാടം, ധാരാളിത്തം, ലജ്ജാവഹമായ മൃഷ്ടാന്ന ഭോജനവും മദ്യപാനവും, സാർവ്വത്രികമായ കാമാസക്തി, അതിരില്ലാത്ത വിഷയാസക്തി തുടങ്ങി അവരുടെ കാലത്തെ പ്രവണതകൾക്കെതിരെ പ്രവാചകന്മാർ ശബ്ദമുയർത്തി. പക്ഷേ അവരുടെ പ്രതിഷേധമെല്ലാം പ്രയോജനം കാണാതെ പോയി. അവരുടെ പാപത്തിനെതിരേയുള്ള കുറ്റാരോപണങ്ങളെല്ലാം പാഴ്വേലയായി" (Prophets and Kings, P. 282).

യെശയ്യാവിനെ സംബന്ധിച്ചിടത്തോളം, "ജനങ്ങളുടെ സാമൂഹ്യസ്ഥിതി കണക്കാക്കുമ്പോൾ ജീവിത വീക്ഷണം പ്രത്യേകിച്ചും നിരുത്സാഹകരം ആയിരുന്നു. നേട്ടത്തിന്റെ ആർത്തിയിൽ, മനുഷ്യർ വീടോടു വീടും വയലോടു വയലും കൂട്ടിച്ചേർത്തുകൊണ്ടിരുന്നു.... നീതി തകിടം മറിക്കപ്പെട്ടു, ദരിദ്രരോടു യാതൊരു നീതിയും കാണിച്ചില്ല. മജിസ്ട്രേറ്റുമാർ, നിസ്സഹായരെ സംരക്ഷിക്കുകയായിരുന്നു അവരുടെ കർത്തവ്യമെങ്കിലും, സാധുക്കളുടെയും നിസ്സഹായരുടെയും വിധവകളുടെയും അനാഥരുടെയും നിലവിളിക്കു അവർ ചെവിപൊത്തിക്കളഞ്ഞു....

"ഇത്തരം അവസ്ഥകളുടെ മുമ്പിൽ, ഉസ്സീയാരാജാവിന്റെ വാഴ്ചയുടെ അവസാന ആണ്ടിൽ, യെഹൂദയ്ക്കെതിരേ ദൈവത്തിന്റെ മുന്നറിയിപ്പും ശാസനയും അറിയിക്കുവാൻ വിളിക്കപ്പെട്ടപ്പോൾ അവൻ ചൂളിപ്പോയതിൽ അതിശയിക്കുവാനില്ല. വിട്ടു വീഴ്ച ഇല്ലാത്ത പ്രതിരോധത്തെയാണു നേരിടേണ്ടിവരിക എന്നു അവൻ നന്നായി അറിഞ്ഞിരുന്നു."- PP. 306, 307.

പ്രവാചകന്റെ ലളിതമായ പ്രഖ്യാപനങ്ങൾ... ഓരോ ആത്മാവിനായുമുള്ള ദൈവത്തിന്റെ ശബ്ദമായി നമ്മൾ സ്വീകരിക്കണം. ഭാരപ്പെടുന്നവർക്കും പീഡിതർക്കും വേണ്ടി കരുണയുടെയും ആർദ്രമായ മുൻകരുതലിന്റെയും ക്രിസ്തീയ ഉപചാരത്തിന്റെയും ലഭ്യമായ അവസരങ്ങളെ ഒന്നും നാം നഷ്ടമാക്കരുത്." R. 327.

**ചർച്ചക്കായുള്ള ചോദ്യങ്ങൾ:**

1. പ്രവചനത്തിന്റെ പ്രവൃത്തി ഭാവി മുൻകൂട്ടി പറയുകയാണെന്നാണു പലപ്പോഴും നാം മനസ്സിലാക്കുന്നതു. പഴയനിയമ പ്രവാചകന്മാരുടെ ശ്രദ്ധ അവരുടെ ചുറ്റുപാടുമുള്ള ലോകത്തിൽ കേന്ദ്രികരിച്ചു എന്നതു പ്രവാചക വൃത്തിയെ സംബന്ധിച്ച നിങ്ങളുടെ ഗ്രാഹ്യത്തിനു എങ്ങനെ മാറ്റം വരുത്തുന്നു?

2. സത്യത്തിനു വേണ്ടി നിലകൊള്ളുന്നതു എത്രമാത്രം പ്രയാസവും അപകടകരവും ആണെന്നു പ്രവാചകന്മാരുടെ ജീവിതങ്ങളും ദൂതുകളും പ്രകടമാക്കുന്നു. അവർ ചെയ്തതു ചെയ്തു എന്നും അവർ സംസാരിച്ച വിധം സംസാരിച്ചു എന്നും എന്തുകൊണ്ടെന്നു നിങ്ങൾ കരുതുന്നു?

3. ദൈവം ഇടവിട്ടു കോപിക്കുകയും തന്റെ ജനത്തോടു ആഴത്തിൽ ആർദ്രത കാണിക്കുകയും ചെയ്യുന്നതായി പ്രവാചകന്മാരുടെ ഏഴുത്തുകളിൽ കാണുന്നു. ദൈവ സ്വഭാവത്തിന്റെ ഈ രണ്ടു വശങ്ങളെ നിങ്ങൾ എങ്ങനെ ഒരുമിച്ചു ചേർക്കും?

**സംഗ്രഹം:** ദൈവത്തിന്റെ ജനത്തോടുള്ള ദൈവവഴികളുടെയും ഇഷ്ടത്തിന്റെയും പ്രതിരോധകർ എന്ന നിലയിൽ, പഴയനിയമ പ്രവാചകന്മാർ പലപ്പോഴും തീവ്രവികാരങ്ങളും കോപവും അസ്വസ്തതയും നിറഞ്ഞവർ ആയിരുന്നു. ദൈവത്തിന്റെ തന്നെ വെളിവാക്കപ്പെട്ടിട്ടുള്ള ആർദ്ര ചിന്തകളെ പ്രതിഫലിപ്പിക്കുന്ന ഈ തീവ്രവികാരം, സാധുക്കൾക്കും പീഡിതർക്കും വേണ്ടിയുള്ള നീതിനിർവ്വഹണത്തിൽ ശക്തമായ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും ഉൾപ്പെട്ടിരുന്നു. ദൈവത്തിലേക്കു മടങ്ങി വരുവാനുള്ള പ്രവാചകന്മാരുടെ ആഹ്വാനങ്ങൾ, അന്യായം അവസാനിപ്പിക്കുന്നതും, ദൈവജനത്തിന്റെ മെച്ചപ്പെട്ട ഭാവിക്കുവേണ്ടിയുള്ള ദൈവവാഗ്ദത്തങ്ങളും ഉൾപ്പെട്ടതാണ്.

***